# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.37

27.09.2016-ൽ മറുപടിയ്ക്ക്

## മലിനീകരണം കുറവുള്ള വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.എൻ.ഷംസുദ്ദീൻ**<br>**ശ്രീ.പികെ.അബ്ദു റബ്ബ്**<br>**ശ്രീ.ടിവി.ഇബ്രാഹിം** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും കായികവും വകുപ്പ് മന്ത്രി)** |
| **എ)** സംസ്ഥാനത്ത് മലിനീകരണം കുറവുള്ള വ്യവസായങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | **എ)** സംസ്ഥാനത്ത് മലിനീകരണം കുറവുള്ള വ്യവസായങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. |
| **ബി)** പ്രസ്തുത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നത് വ്യക്തമാക്കാമോ? | **ബി)** കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം, വായു മലിനീകരണം, അപകടകരമായ ഖരമാലിന്യ ഉൽപ്പാദനം, പ്രകൃതി വിഭവങ്ങളുടെ ഉപയോഗം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യവസായ സ്ഥാപനങ്ങളെ പുതുതായി റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ് എന്നിങ്ങനെ നാല് വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. വൈറ്റ് വിഭാഗത്തിൽ വരുന്ന സ്ഥാപനങ്ങളെ (മലിനീകരണ സാധ്യത വളരെ കുറഞ്ഞവ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കുന്നതിൽ |

നിന്നും ഒഴിവാക്കിയിട്ടുണ്ട്. അവർക്ക് നിലവിൽ ബോർഡിന്റെ ഒറ്റത്തവണ രജിസ്ട്രേഷൻ (15 വർഷം കാലാവധിയുള്ള) മാത്രമേ ആവശ്യമായുള്ളു. പ്രസ്തുത വിഭാഗീകരണ പ്രകാരം 2016 ഒക്ടോബർ 1 മുതൽ ബോർഡ് അനുമതി പരിഗണിക്കുന്നതാണ്. ഗ്രീൻ വിഭാഗത്തിൽപ്പെടുന്ന സ്ഥാപനങ്ങൾക്ക് നിലവിൽ സമർപ്പിക്കുന്ന അപേക്ഷയിൽ 9 വർഷക്കാലാവധിക്ക് അത്രയും വർഷത്തെ ഫീ ഒടുക്കിയാൽ അനുമതി നല്കുന്നതിന് വ്യവസ്ഥയുള്ളതാണ്. കൂടാതെ പ്രവർത്തനാനുമതി പുതുക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതു സംബന്ധിച്ച വിഷയം 195-)മത് ബോർഡ് മീറ്റിംഗിൽ ചർച്ച ചെയ്യുകയും നിബന്ധനാവിധേയമായി താരതമ്യേന മലിനീകരണം കുറവുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾ സ്ഥല പരിശോധന കൂടാതെ തീർപ്പാക്കുന്നതിന് തീരുമാനമാക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**